Rv

**ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**
**(ഹാജർ : എം.സി.മോഹൻദാസ്, ഐ.എ.എസ്)**
(പബ്ലിക് ഓഫീസ് ബിൽഡിംഗ്,മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 695033.)

നമ്പർ : എൽ.ആർ.എ3-19121/2012. തീയതി : 08/02/2016. 4856

വിഷയം : കേരള മുദ്രപത്ര നിയമം 54(1) - കണ്ണൂർ ജില്ലാ രജിസ്ട്രാറുടെ ഉത്തരവിനെതിരായ അപ്പീൽ ഹർജി സംബന്ധിച്ച്.

പരാമർശം : 1. ശ്രീമതി.പ്രസീതയുടെ 11.04.12 ലെ അപ്പീൽ ഹർജി.
2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 29.01.13 ലെ ആർ.ആർ.4-13602/12 നം. കത്ത്.

25 FE

അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിലെ പി 20/11 നമ്പർ ബന്തവസ്സാധാരത്തിന് വിഭാഗസലയായ 4,98,000/- രൂപയുടെ 7% നിരക്കിൽ 34,860/- രൂപ മുദ്രയും 500/- രൂപ പിഴയും ഒടുക്കേണ്ടതാണെന്ന കണ്ണൂർ ജില്ലാ രജിസ്ട്രാറുടെ ഉത്തരവിനെതിരെയാണ് കേരള മുദ്രപത്ര നിയമം 54(1) പ്രകാരം അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രേഷനായി ഹാജരാക്കിയ, മുദ്ര ചുമത്താതെ വെള്ള പേപ്പറിൽ തയാറാക്കിയ ബന്തവസ്സാധാരം, 4,98,000/- രൂപ വില കാണിച്ച് 2011 ൽ 2868 ാം നമ്പരായി രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ തെറ്റ് തീർപ്പാധാരമാണെന്നും, മേൽ നമ്പർ ആധാരത്തിൽ വടക്ക് തെക്ക് അതിരുകൾ പരസ്പരം മാറുന്നതിനാൽ കേരള മുദ്രപത്ര നിയമം ആർട്ടിക്കിൾ 21 പ്രകാരം 34,860/- രൂപ മുദ്ര ചുമത്തണമെന്നഭിപ്രായപ്പെട്ടുകൊണ്ട് സബ് രജിസ്ട്രാർ ആധാരം ബന്തവസ്സ് ചെയ്ത് ജില്ലാ രജിസ്ട്രാറുടെ തീർപ്പിനയച്ചിട്ടുള്ളതാകുന്നു.

അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിലെ 2868/11 നമ്പർ ആധാരത്തിലെ പട്ടിക വസ്തുവിന്റെ വടക്കേ അതിര് സാജൻ കൈവശം വസ്തു എന്നും, തെക്കേ അതിര് പഞ്ചായത്ത് റോഡ് എന്നും ചേർക്കേണ്ടതിനു പകരം വടക്കേ അതിര് പഞ്ചായത്ത് റോഡ് എന്നും, തെക്കേ അതിര് സാജൻ കൈവശം വസ്തു എന്നും തെറ്റായി പരസ്പരം മാറി ചേർത്തത് ശരിയാക്കുന്നതിനു വേണ്ടിയാണ് തെറ്റുതീർപ്പാധാരം ചമച്ചിട്ടുള്ളത് എന്നും സമാന സ്വഭാവമുള്ള വെണ്ണിക്കുളം സബ് രജിസ്ട്രാർ ഓഫീസിലെ പി 1 / 10 നമ്പർ ബന്തവസ്സാധാരത്തിന് അതിരുകൾ മാറിയത് വസ്തു വിവരണത്തിലെ ഭൗതിക മാറ്റമായി കണക്കാക്കി മുദ്ര ചുമത്താൻ ഉത്തരവായിട്ടുള്ളതിനാൽ അഞ്ചരക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിലെ പി 20/11 നമ്പർ ആധാരം കേരള രജിസ്ട്രേഷൻ മാനുവൽ ഉത്തരവ് 250 ന്റെ അടിസ്ഥാനത്തിൽ പുതിയ ആധാരമായി കണക്കാക്കി മുദ്രപത്ര നിയമം ആർട്ടിക്കിൾ 21 പ്രകാരം 7%

നിരക്കിൽ 34,860/- രൂപയുടെ മുദ്രയും 500/- രൂപ പിഴയും ചുമത്തണമെന്ന് ജില്ലാ രജിസ്ട്രാർ ഉത്തരവായിരുന്നു. മേൽ ഉത്തരവിനെതിരെയാണ് കക്ഷി അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

ബന്തവസ്സാധാരവും അനുബന്ധ രേഖകളും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ടും പരിശോധിച്ചു. 5.02.16 ൽ അപേക്ഷാ കക്ഷിയ്ക്കു വേണ്ടി ഭർത്താവ് രാജകൃഷ്ണനെ നേരിൽ കേട്ടിട്ടുള്ളതാണ്. 2868/11 നമ്പർ ആധാരത്തിൽ തെക്കതിര് പഞ്ചായത്ത് റോഡ് എന്നും വടക്കേ അതിര് സാജൻ കൈവശം വസ്തു എന്നും ചേർക്കേണ്ടതിനു പകരം കൈതെറ്റായി പരസ്പരം മാറി തെക്കേ അതിര് സാജൻ കൈവശം വസ്തു എന്നും വടക്കേ അതിര് പഞ്ചായത്ത് റോഡ് എന്നും ചേർത്തുപോയതാണ് എന്നും, ടി കൈതെറ്റ് പിഴ തിരുത്താധാരം മുഖേന തിരുത്തുന്നു എന്നു കാണുന്നു. ടി രണ്ട് അതിരുകൾ മാത്രം പരസ്പരം മാറുന്നതു മൂലം വസ്തുവിന് ഭൗതിക മാറ്റം വരുന്നതായി കരുതുവാൻ നിർവാഹമില്ല. കൂടാതെ വീട്ടു നമ്പരിലും മാറ്റം വരുന്നില്ല. ആയതിനാൽ ടി പിഴ തിരുത്താധാരം മുഖേന രജിസ്ട്രേഷൻ മാനുവൽ 250 ൽ പ്രതിപാദിക്കുന്ന പ്രകാരം അവകാശങ്ങൾ ജനിപ്പിക്കുകയോ കൈമാറ്റം ചെയ്യുകയോ, പരിമിതപ്പെടുത്തുകയോ വിപുലപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല.

ആയതിനാൽ ടി ആധാരം തെറ്റു തീർപ്പാധാരം മാത്രമായി പരിഗണിക്കാവുന്നതാണെന്നും അതിന് മുദ്ര ചുമത്തേണ്ടതില്ലായെന്നും അപ്പീൽ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
കമ്മീഷണർ

സ്വീകർത്താവ് : 1. ശ്രീമതി. പ്രസീത,
ശങ്കർ നിവാസ്,
നിട്ടൂർ.പി.ഓ., പിൻ-670105,
കണ്ണൂർ.

2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

3. ജില്ലാ രജിസ്ട്രാർ, കണ്ണൂർ (ഐ.ജി.ആർ.മുഖേന)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

T2 15/2/16 ... RRA- 13602/12 രജി. ഇൻസ്പെക്ടർ ജനറൽ ..., തിരുവനന്തപുരം,
...